**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

**വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035**

**ഫോൺ: 0471 2302490 ഫാക്സ് :0471 2303025/2303080**

ഇ-മെയിൽ: dhskerala@gmail.com വെബ്സൈറ്റ്: www.dhs.kerala.gov.in

---

നം. **DHS/12526/2024-EC1** തീയതി: 12-10-2024

## സർക്കുലർ

വിഷയം:- ആരോഗ്യവകുപ്പ് - വിജിലൻസ് - അനധികൃതമായി സർവ്വീസിൽ നിന്നും വിട്ട് നിൽക്കുന്ന ഡോക്ടർമാർ ഉൾപ്പെടെയുള്ള വിവിധ വിഭാഗം ജീവനക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നത് - ടി ജീവനക്കാരുടെ അനധികൃത ഹാജരില്ലായ്മ നിശ്ചിത പ്രൊഫോർമയിൽ റിപ്പോർട്ട് ചെയ്യുന്നതിനുള്ള കർശന നിർദേശം - സംബന്ധിച്ച്

സൂചന:- **(1)** സർക്കാർ കത്ത് നമ്പർ **M2/268/2024-HEALTH,** തീയതി **25/05/2024.**

**(2)** സർക്കാർ കത്ത് നമ്പർ **M2/268/2024-HEALTH,** തീയതി **27/05/2024**

**(3)** സർക്കാർ കത്ത് നമ്പർ **M2/268/2024-HEALTH,** തീയതി **01/06/2024**

**(4) 19/06/2024** ന് ബഹു: ആരോഗ്യ വകുപ്പ് മന്ത്രി നടത്തിയ ഓൺലൈൻ യോഗത്തിലെ തീരുമാനം

**(5)**സർക്കാർ കത്ത് നമ്പർ **M2/268/2024-HEALTH,** തീയതി **03/09/2024**

അനധികൃത ഹാജരില്ലായ്മയിലുള്ള ഡോക്ടർമാർ ഉൾപ്പെടെയുള്ള വിവിധ വിഭാഗം ജീവനക്കാർക്കെതിരെ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് **19/06/2024** ന് ബഹു: ആരോഗ്യ വകുപ്പ് മന്ത്രി നടത്തിയ ഓൺലൈൻ യോഗത്തിൽ, വിവിധ സ്ഥാപനങ്ങളിൽ നിന്നും അനധികൃത ഹാജരില്ലായ്മയിലുള്ള ജീവനക്കാരുടെ വിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിൽ കാലതാമസം ഉണ്ടാകുന്നതായും, അനധികൃത ഹാജരില്ലായ്മയിലുള്ള എല്ലാ ജീവനക്കാരുടെയും വിവരങ്ങൾ ഇപ്പോഴും റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതായും വിലയിരുത്തുകയുണ്ടായി.

ആയതിനെ തുടർന്ന്, ഇതുവരെയും നിശ്ചിത പ്രൊഫോർമയിൽ അനധികൃത ഹാജരില്ലായ്മ റിപ്പോർട്ട് ചെയ്തിട്ടില്ലാത്ത മുഴുവൻ ജീവനക്കാരുടെയും വിവരങ്ങൾ റിപ്പോർട്ട് ചെയ്യുവാനും ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നിർദേശം നൽകിയിരുന്നു. എന്നാൽ ഇതിനോടകം ജില്ലാ മെഡിക്കൽ ഓഫീസർമാർ നൽകിയിട്ടുള്ള ലിസ്റ്റിൽ, ഉൾപ്പെട്ടിട്ടുള്ള വളരെ കുറച്ചു ജീവനക്കാരുടെ അനധികൃത ഹാജരില്ലായ്മ മാത്രമേ നിശ്ചിത പ്രൊഫോർമയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളൂ.

അനധികൃത ഹാജരില്ലായ്മയിൽ തുടരുന്ന, ഡോക്ടർമാർ ഉൾപ്പെടെയുള്ള വിവിധ വിഭാഗം ജീവനക്കാർക്കെതിരെ സത്വരമായി അച്ചടക്ക നടപടി സ്വീകരിക്കുവാനും, അനധികൃതാവധിയിൽ തുടരുന്ന ഉദ്യോഗസ്ഥർക്കെതിരെ, കൃത്യമായി നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാനും, സൂചന (5) പ്രകാരം സർക്കാർ കർശന നിർദേശം നൽകിയിട്ടുമുണ്ട്.

അനധികൃത ഹാജരില്ലായ്മ സമയബന്ധിതമായി റിപ്പോർട്ട് ചെയ്യാത്തതിനാലും, സമയബന്ധിതമായി അച്ചടക്ക നടപടി സ്വീകരിക്കാത്തതിനാലും, അത്തരത്തിലുള്ള ജീവനക്കാർ പെൻഷൻ ആകുന്ന സമയത്ത് വിവിധ വ്യവഹാരങ്ങൾ നടത്തുകയും, അത് വഴി സർക്കാരിന് കോടിക്കണക്കിനു രൂപയുടെ നഷ്ടം ഉണ്ടാകുകയും ചെയ്യുന്നു.

മേൽ സാഹചര്യത്തിൽ, ഇതുവരെയും നിശ്ചിത പ്രൊഫോർമയിൽ അനധികൃത ഹാജരില്ലായ്മ റിപ്പോർട്ട് ചെയ്തിട്ടില്ലാത്ത മുഴുവൻ ജീവനക്കാരുടെയും വിവരങ്ങൾ, അനധികൃത ഹാജരില്ലായ്മ റിപ്പോർട്ട് ചെയ്യുന്ന പ്രൊഫോർ മയിൽ **25.10.2024 നകം** റിപ്പോർട്ട് ചെയ്യുവാൻ എല്ലാ സ്ഥാപന മേധാവികൾക്കും, എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും കർശന നിർദേശം നൽകുന്നു.

അനധികൃത ഹാജരില്ലായ്മ നിശ്ചിത പ്രൊഫോർമയിൽ സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുന്നതിലുള്ള വീഴ്ച മൂലം, ഭാവിയിൽ സർക്കാരിനുണ്ടാകുന്ന എല്ലാ നഷ്ടങ്ങൾക്കും, സാമ്പത്തിക ബാധ്യതക്കും ബന്ധപ്പെട്ട സ്ഥാപന മേധാവികളും, ജില്ലാ മെഡിക്കൽ ഓഫീസർമാരും ഉത്തരവാദികളായിരിക്കുമെന്നും അറിയിക്കുന്നു. ജില്ലാ മെഡിക്കൽ ഓഫീസർ നിയമനാധികാരി/ ശിക്ഷണാധികാരി ആയിട്ടുള്ള കേസുകളിൽ, അനധികൃത ഹാജരില്ലായ്മയിൽ തുടരുന്ന ജീവനക്കാർക്കെതിരെ ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ അടിയന്തിരമായി അച്ചടക്ക നടപടി സ്വീകരിക്കേണ്ടതുമാണ്.

Signed by
Reena K J
Date: 12-10-2024 21:36:38

ഡോ. റീന. കെ. ജെ.
ആരോഗ്യ വകുപ്പ് ഡയറക്ടർ

സ്വീകർത്താവ്

(1) ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തിരുവനന്തപുരം/കൊല്ലം/പത്തനംതിട്ട/ആലപ്പുഴ/കോട്ടയം/എറണാകുളം/ഇടുക്കി/തൃശൂർ/പാലക്കാട്/മലപ്പുറം/കോഴിക്കോട്/വയനാട്/കണ്ണൂർ/കാസർഗോഡ്.

(2) എല്ലാ സ്ഥാപന മേധാവികൾക്കും (ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന)

പകർപ്പ് :-

(1) സീനിയർ സൂപ്രണ്ട്, EA/EB/ER/ED/EE/EF/EG/FW(A)/HT സെക്ഷൻ

(2) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്

(3) ഫയൽ/കരുതൽ ഫയൽ.